# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87- Aff. 10485)
V.P.MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM-695 001
Phone: 0471-2471087- Fax: 0471-2471087
email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P. | SIBYKUTTY FRANCIS | V. GOPAKUMAR |


തിരുവനന്തപുരം
04.08.2017

സ്വീകർത്താവ്

ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: ജനറൽ ട്രാൻസ്ഫർ 2017 - ഡ്യൂട്ടി സമയം കണക്കാക്കുന്നത് (Guideline) മാറ്റം വരുത്തുന്നത് / Cutoff date മാറ്റം വരുത്തുന്നത് സംബന്ധിച്ച്.

സൂചന: 1) ജനറൽ ട്രാൻസ്ഫർ Guideline ഉത്തരവ്.
2) HRI's ലൂടെ പബ്ലിഷ് ചെയ്ത Cutoff date

ഇക്കൊല്ലത്തെ ജനറൽ ട്രാൻസ്ഫർ ആഗസ്റ്റ് മാസമായിട്ടും പുറത്തിറക്കുവാൻ സാധിച്ചിട്ടില്ല. ട്രാൻസ്ഫർ ഗൈഡ്ലൈനിൽ നിരവധി അപാകതകളുണ്ട്. അംഗീകൃത സംഘടനകളുമായി നടത്തിയ ചർച്ചയ്ക്ക് വിരുദ്ധമായി ട്രാൻസ്ഫർ ഉത്തരവ് പുറത്തിറക്കാൻ പോകുന്നു എന്നറിയുന്നു. ഈ അവസരത്തിൽ ഇതുമായി ബന്ധപ്പെട്ട ചില വസ്തുതകൾ അങ്ങയുടെ മുമ്പാകെ സമർപ്പിക്കുന്നു. താഴെ കാണിച്ചിട്ടുള്ള വിഷയങ്ങളിൽ അനുകൂല ഉത്തരവുകൾ പുറത്തിറക്കുന്നതിനും ജനറൽ ട്രാൻസ്ഫർ കുറ്റമറ്റതാക്കി പുറത്തിറക്കുന്നതിനുമുള്ള നടപടികൾ സ്വീകണമെന്ന് അഭ്യർത്ഥിക്കുന്നു

1. ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളിലൊക്കെത്തന്നെ ഡ്യൂട്ടി പീരിയഡിന്റെ കാര്യത്തിൽ ഞങ്ങളുടെ ആവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. അനുവദീയ അവധിയെടുത്ത കാലഘട്ടം (Earned Leave, Commuted Leave, LWA on medical ground etc) ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് പല പ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും അത് പരിഗണിച്ചില്ലായെന്ന് മാത്രമല്ല. Leave-suffix-prefix വരെ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. മേൽ അപാകതകളെല്ലാം പരിഹരിക്കണം.

2. Equal distribution എന്ന പേര് പറഞ്ഞ് തസ്തികകൾ ഇല്ലാതാക്കാനുള്ള നീക്കം അംഗീകരിക്കാനാവില്ല. Sanctioned Strength അനുസരിച്ച് പോസ്റ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

3. ജൻമസ്ഥലത്തിന് പുറത്ത് ജോലി ചെയ്യുന്നവരും റിട്ടയർമെന്റ് 2019 ഡിസംബറിനുള്ളിൽ വരുന്നതുമായ ജീവനക്കാർക്ക് കീഴ്‌വഴക്കം അനുസരിച്ച് ജൻമസ്ഥലത്തേക്ക് ട്രാൻസ്ഫർ ലഭിക്കേണ്ടതാണ്. എന്നാൽ ഇപ്പോൾ പബ്ലിഷ് ചെയ്തിരിക്കുന്ന ലിസ്റ്റനുസരിച്ച് Ineligible ആയി കാണുന്നു. Guideline article VI (b) ൽ Retirement പ്രൊട്ടക്ഷൻ ഉൾപ്പെടുത്തി മേൽ അപാകത പരിഹരിക്കണം.

4. ജനറൽ ട്രാൻസ്ഫർ 2016 - (ഓവർസിയറുടെ) ആദ്യ അനോമലി പുറത്തിറങ്ങുന്നത് 3.11.2016 ൽ ആണ്. മേൽ ഉത്തരവ് 4.11.2016 ൽ Kept in abeyance ആക്കി. പിന്നീട് അത് വെബ് സൈറ്റിലൂടെ പബ്ലിഷ് ചെയ്യുന്നത് 22.11.2016 ലാണ്. ആയതുകൊണ്ട് നിലവിലുള്ള കീഴ്‌വഴക്കമനുസരിച്ച് cutoff date നവംബർ 30 ആക്കണം.

5. 5 വർഷം കഴിഞ്ഞാൽ പ്രൊട്ടക്ഷൻ നൽകില്ലാ എന്നുള്ള ഗൈഡ്‌ലൈനിലെ വ്യവസ്ഥ യാഥാർത്ഥ്യത്തിന് നിരക്കാത്തതായതിനാൽ മേൽ വ്യവസ്ഥ പിൻവലിക്കണം.

മുകളിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ പരിശോധിച്ച് അനുകൂല നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Silvy Baltha

ജനറൽ സെക്രട്ടറി